**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4532** **10-08-2021 - ൽ മറുപടിയ്ക്ക്**

**സർവകലാശാല ജീവനക്കാരുടെ ശമ്പളം/പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവകലാശാല ജീവനക്കാരുടെ ശമ്പളം/പെൻഷൻ പരിഷ്കരണം നടപ്പിലാക്കുവാനായി സർവകലാശാലകൾക്ക് നൽകുന്ന വാർഷിക ഗ്രാന്റ് വർധിപ്പിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ; | (എ) | സർവ്വകലാശാലകൾക്ക് ഗ്രാന്റ് തീരുമാനിക്കുന്ന ഉന്നതാധികാര കമ്മിറ്റിയുടെ ശിപാർശപ്രകാരം സർവ്വകലാശാലകൾക്ക് 5% മുതൽ 20% വരെ വിവിധ നിരക്കിൽ നിലവിലെ ബജറ്റ് വിഹിതത്തിന്മേൽ നോൺപ്ലാൻ സാലറി / നോൺ പ്ലാൻ നോൺ സാലറി ഇനത്തിൽ മാത്രമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്. എന്നാൽ പെൻഷൻ ചെലവ് വഹിക്കുന്നതിന് സർക്കാർ ഗ്രാന്റ് നാളിതുവരെ അനുവദിച്ചിട്ടില്ല. |
| (ബി) | ശമ്പളവും പെൻഷനും പരിഷ്കരിക്കുവാനായി വേണ്ടിവരുന്ന തുക സർവകലാശാലകൾക്ക് ഫീസ് വർധനവിലൂടെ കണ്ടെത്തേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് ഓരോ സർവ്വകലാശാല കളിലും മതിയായ ഫണ്ട് ഉണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഇതിനായുള്ള തുക എങ്ങനെയാണ് കണ്ടെത്തേണ്ടതെന്ന നിർദ്ദേശം സർവകലാശാലകൾക്ക് നൽകിയിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിനായി വേണ്ടിവരുന്ന അധിക തുക നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് ഓരോ സർവ്വകലാശാല കളിലും മതിയായ ഫണ്ട് ഉണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ